**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 146**

**02.03.2020 ൽ മറുപടിക്ക്**

## പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള വർഷമായി 2020 ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള വർഷമായി 2020 ആചരിക്കാൻ സംസ്ഥാന പോലീസ് മേധാവി ഉത്തരവ് നൽകിയിട്ടുണ്ട്. |
| ബി) എങ്കിൽ ഏതൊക്കെ മേഖലകളിലുള്ള പ്രവർത്തനങ്ങളാണ് മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | ബി) പോലീസ് വകുപ്പിന്റെ അടിസ്ഥാന സേവന കേന്ദ്രങ്ങളാണ് പോലീസ് സ്റ്റേഷനുകൾ. ക്രമസമാധാന പാലനവും കുറ്റകൃത്യങ്ങൾ തടയുന്നതും അന്വേഷിക്കുന്നതും പുറമേ ക്രൈം ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ സിസ്റ്റം, ഇൻഹൗസ് ട്രെയിനിംഗ്, ജനമൈത്രി സംബന്ധമായ പ്രവർത്തികൾ, ശിശുസൗഹൃദ പ്രവർത്തനങ്ങൾ, ഹരിത പ്രോട്ടോകോൾ, ശുചിത്വ പരിപാലനം മുതലായവ പോലീസ് സ്റ്റേഷനുകളെ കർമ്മോൻമുഖവും ജനസൗഹാർദ്ദവുമാക്കുന്നു. പോലീസ് സ്റ്റേഷനുകളുടെ പ്രകടനം മെച്ചപ്പെടുത്താൻ പോലീസ് സ്റ്റേഷനുകളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം, സാങ്കേതിക വൈദഗ്ധ്യം/സ്രോതസ് എന്നിവയുടെ ശരിയായ വിനിയോഗം തുടങ്ങിയ സംരംഭങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ഡ്യൂട്ടി മാനേജ്മെന്റ്, പോലീസ് സ്റ്റേഷന്റെ പ്രവർത്തന മികവിന്റെ പരിശോധന. പരാതിക്കാരുടെ മുഖാമുഖത്തിനായുള്ള |

സമയക്രമം, CCTNS, iAPS, Thuna തുടങ്ങിയ സോഫ്റ്റ് വെയറുകളുടെ പൂർണ്ണമായ ഉപയോഗം എന്നിവ പോലീസ് സ്റ്റേഷൻ തലത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| സി) പോലീസ് സ്റ്റേഷനുകളിൽ സേവനാവകാശ നിയമം ബാധകമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) പോലീസ് സ്റ്റേഷനുകളെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി 'സർവ്വീസ് ഡെലിവറി സെന്ററുകൾ' ആക്കി പുനർ സംവിധാനം ചെയ്യുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ